**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11** **07-10-2024 - ൽ മറുപടിയ്ക്ക്**

**ബെവ്കോയിൽ ക്യൂ.ആർ. കോഡ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബെവ്കോ വഴി വിൽപ്പന നടത്തുന്ന മദ്യക്കുപ്പികളിൽ ക്യൂ.ആർ. കോഡ് സംവിധാനം ഏർപ്പെടുത്തുന്നതിന് ബിവറേജസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ബെവ്കോ വഴി വിൽപ്പന നടത്തുന്ന മദ്യകുപ്പികളിൽ ക്യൂ.ആർ.കോഡ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ നിർമ്മിക്കുന്ന ഏതെങ്കിലും പ്രത്യേക ബ്രാന്റിന് പരീക്ഷണാടിസ്ഥാനത്തിൽ ക്യൂ.ആർ. കോഡ് പതിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് വിജയകരമാണോ എന്നറിയിക്കുമോ; | (ബി) | ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ ഉൽപാദിപ്പിക്കുന്ന ബ്രാൻറ് ആയ JAWAN XXX RUM(750 ML, 1000 ML)-ൽ പൈലറ്റ് പ്രൊജക്റ്റ് ആയി പരീക്ഷണാടിസ്ഥാനത്തിൽ ക്യൂ.ആർ.കോഡ് പതിപ്പിച്ചിട്ടുള്ളതാണ്. പൈലറ്റ് പ്രൊജക്റ്റ് വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ക്യൂ.ആർ. കോഡ് എർപ്പെടുത്തുന്നതിലൂടെ എന്തെല്ലാം പരിശോധനകൾ നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | മദ്യ ബോട്ടിലുകളിലും കെയ്സുകളിലും ക്യൂ.ആർ.കോഡ് പതിപ്പിക്കുന്നതാണ്. മദ്യകുപ്പികളിൽ ക്യൂ.ആർ.കോഡ് പതിപ്പിക്കുന്നതോടുകൂടി TRACK & TRACE SYSTEM മുഖേന മദ്യത്തിന്റെ സ്റ്റോക്ക് കൃത്യതയോടും കാര്യക്ഷമമായും ലഭ്യമാകുന്നതാണ്. കൂടാതെ വ്യാജ മദ്യ വിതരണം തടയാൻ കഴിയും. ബോട്ടിലിൽ പതിപ്പിക്കുന്ന ക്യൂ.ആർ.കോഡിൽ നിന്നും പ്രസ്തുത മദ്യത്തിന്റെ BATCH NUMBER, BRAND REGISTRATION, MANUFACTURING DATE മദ്യത്തിന്റെ UNIT എന്നിവ അറിയുവാൻ കഴിയും. കെയ്സുകളിൽ പതിപ്പിക്കുന്ന ക്യൂ.ആർ.കോഡിൽ നിന്നും EXCISE PERMIT NUMBER, PERMIT DATE, പെർമിറ്റിന്റെ വിശദാംശങ്ങൾ, കയറ്റിവിടുന്ന വെയർ ഹൗസിന്റെ വിവരങ്ങൾ, കയറ്റിവിടുന്ന തീയതി എന്നിവയും അറിയുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ